**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1077.** **25.01.2018 ൽ മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.പി.ടി.തോമസ് | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ മദ്യനയത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് ഈ സർക്കാരിന്റെ മദ്യനയത്തിൽ വരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | i) സംസ്ഥാനത്ത് 3 സ്റ്റാറിനും, അതിനു മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ബാർ (FL-3) ലൈസൻസ് അനുവദിക്കുന്നതാണ്.<br>ii) 01-04-2017-നു മുമ്പ് പ്രവർത്തിച്ചിരുന്നതും എന്നാൽ ബഹു: സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയതുമായ FL-11 (ബിയർ-വൈൻ) പാർലറുകൾക്ക് അവിടെ ജോലി നോക്കിയിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ അതേ താലൂക്കിൽ ദേശീയ / സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ മാറി സൗകര്യപ്രദവും വൃത്തിയുള്ളതുമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള വ്യവസ്ഥ ചെയ്തു.<br>iii) ബാറുകളുടെ പ്രവർത്തനസമയം മുൻപ് ഉണ്ടായിരുന്ന 12-30 മണിക്കൂറിൽ (രാവിലെ 9-30 മണി മുതൽ രാത്രി 10 വരെ) നിന്നും 12 മണിക്കൂറായി (രാവിലെ 11 മണി മുതൽ രാത്രി 11 വരെ) ആയി ക്രമപ്പെടുത്തി. വിനോദ സഞ്ചാര മേഖലയിൽ സമയം രാവിലെ 10 മണി മുതൽ രാത്രി 11 മണി വരെ എന്ന് നിജപ്പെടുത്തി.<br>iv) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തി.<br>v) FL ലൈസൻസ് ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചു.<br>vi) കള്ളുഷാപ്പുകൾ മൂന്നുവർഷക്കാലത്തേക്ക് വിൽപ്പന നടത്താൻ തീരുമാനിച്ചു.<br>vii) ലൈസൻസ് സമ്പ്രദായത്തിൽ 5 മുതൽ 7 വരെ |

| | | | |
|---|---|---|---|
| | | | കള്ളുഷാപ്പുകളെ ഒരു ഗ്രൂപ്പായി തിരിച്ച് വിൽപ്പന നടത്തുന്നതാണ്.<br>viii) ക്ഷേമനിധി കുടിശിക വരുത്തിയവർക്ക് പുതിയ ലൈസൻസ് അനുവദിക്കില്ല.<br>ix) ത്രീ സ്റ്റാറിനും അതിനു മുകളിൽ സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനു പ്രത്യേകം അനുവാദം നൽകുന്നതിനുള്ള നയപരമായ തീരുമാനമെടുത്തു.<br>x) ടോഡി ബോർഡ് രൂപീകരിച്ച് പ്രാവർത്തികമാക്കുവാൻ തീരുമാനിച്ചു. കൂടാതെ ബോധവൽക്കരണ മേഖലയിൽ ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഇക്കാര്യത്തിലേക്കായി ജി.ഒ.(എം എസ്) നമ്പർ 43/2017/നി.വ. തീയതി 13-6-2017 പ്രകാരം പുതിയ അബ്കാരി നയം ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | ഇപ്രകാരം മദ്യനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്നും മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുള്ള സർക്കാരിന്റെ വരുമാനനഷ്ടം കണക്കിലെടുക്കുന്നതോടൊപ്പം, സമാന്തര വ്യാജ മദ്യവിൽപ്പനയും മയക്കുമരുന്നുപയോഗത്തിന്റെ വർദ്ധനവും കാരണമാകുമെന്നും വിവിധ പഠന റിപ്പോർട്ടുക ളിലെ ശുപാർശകൾ കണക്കിലെടുത്തും ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുകയില്ല, ആവശ്യകത കുറയ്ക്കുകയാണ് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തുമാണ് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. |
| (സി) | പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | 64 |
| (ഡി) | നക്ഷത്ര ഹോട്ടലുകളിലെ ബാർ ലൈസൻസിന് വിദ്യാഭ്യാസ | (ഡി) | 4 സ്റ്റാറിനും, മുകളിലും ക്ലാസ്സിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസിന് വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളുടെ പരിസരത്ത് നിന്നും നിശ്ചയിച്ചിരുന്ന ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇപ്രകാരം മാറ്റം വരുത്താനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | | സ്ഥാപനങ്ങളുടെ പരിസരത്തു നിന്നും 50 മീറ്ററായി കുറച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുക എന്നത് ലക്ഷ്യമാക്കിയാണ് ഇക്കാര്യത്തിൽ മുമ്പുണ്ടായിരുന്ന ദൂരപരിധി നിയമം പുന:സ്ഥാപിക്കുകയുണ്ടായത്. |
| (ഇ) | കൂടുതൽ ബാറുകൾ അനുവദിച്ച് മദ്യലഭ്യത സുലഭമാക്കിയിട്ട്, മദ്യവർജ്ജനം എന്ന മുന്നണി നയം എപ്രകാരം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുകയില്ല, മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജ മദ്യവിൽപനക്കും മയക്കുമരുന്നുപയോഗത്തിന്റെയും വർദ്ധനവിന് കാരണമായെന്നും വിവിധ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. ആയതിനാൽ മദ്യ മയക്കുമരുന്നുപയോഗം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങളിലൂടെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി മദ്യ വർജ്ജനം എന്ന ആശയം നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പുതിയ മദ്യനയം. |

**സെക്ഷൻ ഓഫീസർ**